# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 395 — 04.02.2014ൽ മറുപടിക്ക്

## മാവേലി ഹോട്ടലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) മാവേലി ഹോട്ടലുകൾ പുനരാരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) മാവേലി ഹോട്ടലുകൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള ഭക്ഷണ സാധനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. എല്ലാ ജില്ലകളിലും കുറഞ്ഞത് 10 ഹോട്ടലുകൾ വീതം തുടങ്ങുന്നതിനും ഉദ്ദേശിച്ചിരുന്നു. |
| (സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;<br><br>(ഡി) ഇവ നടപ്പാക്കുന്നതിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്? | (സി) യും (ഡി) യും ഇതിന് കേന്ദ്ര സഹായം ലഭ്യമല്ല. ജില്ലാ ഭരണകൂടത്തിന്റെയും സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റേയും നേതൃത്വത്തിൽ തെരഞ്ഞെടുത്ത 33 ഹോട്ടലുകളുടെ പട്ടിക സപ്ലൈകോയ്ക്ക് നൽകുകയും 8/2009 മുതൽ 24.06.2011 വരെ സപ്ലൈകോ പ്രസ്തുത ഹോട്ടലുകൾക്ക് അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ നല്കുകയുമാണ് ചെയ്തിരുന്നത്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം 25.06.2011 മുതൽ ടി ഹോട്ടലുകൾക്ക് സാധനം നൽകുന്നത് നിർത്തി വെയ്ക്കേണ്ടിവന്ന ഈ പദ്ധതി പുനരാരംഭിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. |

Beena

സെക്ഷൻ ഓഫീസർ